UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 5-2-1964.

സഹകരണഡിപ്പാർട്ടുമെൻറിലെ പാർട്ട് ടൈം കണ്ടിൻജൻസി ജീവനക്കാർ.

24. [2] ശ്രീ. എം. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണഡിപ്പാർട്ടുമെൻറിൽ പാർട്ട് ടൈം കണ്ടിൻജൻസി ശിപായിമാരായി ഇന്ന് എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) അവരിൽ 5 വർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവർ എത്ര;

(സി) അവരെ ഫുൾടൈം ആയി മാറ്റുവാൻ വല്ല പദ്ധതിയും ഗവണ്മെൻറിൻെറ മുമ്പിലുണ്ടോ ;

(ഡി) പാർട്ട് ടൈം കണ്ടിൻജൻസി ശിപായിമാരെ ഫുൾടൈം ആയി മാറ്റുവാൻ വകുപ്പദ്ധ്യക്ഷൻ ഗവണ്മെൻറിലേക്ക് വല്ല ശുപാർശയും ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനം എടുത്തു ?

ഉത്തരം.

(എ) 25 പേർ.
(ബി) ആരുമില്ല.
(സി) ഇല്ല.
(ഡി) ഉണ്ടായിരുന്നു.
(ഇ) അവരെ ഫുൾടൈം ആക്കുവാൻ സാദ്ധ്യമല്ല എന്ന് തീരുമാനിക്കുകയും, അവരെ ഇപ്പോഴത്തെ സ്ഥിതിയിൽ തുടരുവാൻ അനുവദിക്കുകയും ചെയ്തു.

അടൂർ താലൂക്കാശുപത്രി.

25. [3] ശ്രീ. പി, സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ താലൂക്കാശുപത്രിയിൽ ഒരു ഓപ്പറേഷൻ തിയേറ്ററും അതിനുവേണ്ട ഉപകരണങ്ങളും ഇപ്പോഴുണ്ടോ ;

(ബി) അതു ടി ആശുപത്രിയിൽ ആവശ്യമല്ലേ ;

(സി) എങ്കിൽ അതു് എന്നത്തേക്ക് ലഭിക്കുമെന്നു പ്രതീക്ഷിക്കാം ?

ഉത്തരം.

(എ) ഓപ്പറേഷൻ തിയേറ്റർ ഉണ്ട്; ഉപകരണങ്ങളും എല്ലാം ഇല്ല.

(ബി) ആവശ്യമാണ്.

(സി) ഉപകരണങ്ങളും സപ്ലൈ ചെയ്യുവാൻ നടപടികളും എടുത്തു വരുന്നുണ്ട്.

അടൂർ ആശുപത്രി.

26. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ ആശുപത്രിയിൽ ഏതെല്ലാം വാർഡുകളും ഉണ്ട് ;

(ബി) ഓരോ വാർഡിലും എത്ര കിടക്കകളും ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly